നബിദിന റാലി നടത്തി

ആലക്കോട്: റയരോം ഇഹ്‌യാഹ് ഉലുമുദ്ദീൻ മദ്രസ ആഭിമുഖ്യത്തിൽ നബിദിന റാലി നടത്തി. ഉസ്താദ് അലി ഫൈസി കൊണ്ടോട്ടി, വി.വി. അബ്ദുള്ള, പി.പി. ബഷീർ നേതൃത്വം നൽകി.

റയരോത്ത് നടന്ന നബിദിന റാലി

ഖുവ്വത്തുൽ ഇസ്‌ലാം അറബി മദ്രസ ആന്റ് കോളേജ് തളിപ്പറമ്പിൽ നടത്തിയ നബിദിന റാലി

ഖിദ്മത്തുൽ ഇസ്‌ലാം ഹയർസെക്കണ്ടറി മദ്രസ വിദ്യാർത്ഥികൾ നടത്തിയ നബിദിന റാലിയിൽ നിന്ന്

ശാന്തിഗിരി നൂറുൽ ഹുദാ മദ്രസ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നബിദിന റാലി

കൊങ്ങായി മുസ്തഫ സ്മാരക കാരുണ്യഭവനം താക്കോൽദാനം നാളെ

തളിപ്പറമ്പ: ജീവകാരുണ്യ രംഗത്ത് ഒരുപാട് സേവനം ചെയ്ത ഖത്തർ കെ.എം.സി.സി തളിപ്പറമ്പ മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മുക്കോലയിലെ നിർദ്ധനരായ കുടുംബത്തിന് നിർമ്മിച്ച് നൽകുന്ന വീടിന്റെ ഉദ്ഘാടനം നാളെ വൈകുന്നേരം 4.30ന് തളിപ്പറമ്പ മുക്കോല ഖിദ്മത്ത് നഗറിൽ ഖത്തർ കെ.എം.സി.സി കണ്ണൂർ ജില്ലാ ആക്ടിംഗ് പ്രസിഡണ്ട് ഹനീഫ ഏഴാംമൈലിന്റെ അധ്യക്ഷതയിൽ പാണക്കാട് സയ്യിദ് സ്വാബിഖലി ശിഹാബ് തങ്ങൾ താക്കോൽ ദാനം നിർവഹിക്കും. മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറി അൻവർ സാദത്ത് പാലക്കാട് മുഖ്യപ്രഭാഷണം നടത്തും. രേഖ കൈമാറ്റം മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് മെമ്പർ കെ. വി. മുഹമ്മദ് കുഞ്ഞി മാസ്റ്ററും, കെ.എം.സി.സി പഴയകാല നേതാക്കളെ ആദരിക്കൽ, മുസ്ലിംലീഗ് ജില്ലാ സെക്രട്ടറി ഇബ്രാഹിം കുട്ടി തിരുവട്ടൂരും, ഉപഹാര സമർപ്പണം മുസ്ലീം യൂത്ത് ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് പി.കെ. സുബൈറും കുടിവെള്ള വിതരണ ഫണ്ട് ഉദ്ഘാടനം തളിപ്പറമ്പ നഗരസഭ ചെയർമാൻ മഹമൂദ് അള്ളാംകുളവും നിർവഹിക്കും. സി.പി.വി. അബ്ദുള്ള, പി. മുഹമ്മദ് ഇഖ്ബാൽ, ഒ.പി. ഇബ്രാഹിം മാസ്റ്റർ, അലി മംഗര, ആസിഫ് ചപ്പാരപ്പടവ്, മുഹമ്മദ് പൂന്തോട്ടം, കൊടിയിൽ സലീം, പി.പി. മുഹമ്മദ് നിസാർ, എൻ.യു. ഷഫീഖ് മാസ്റ്റർ സംബന്ധിക്കും. ഖത്തർ കെ.എം.സി.സി മണ്ഡലം കോർഡിനേറ്റർ പി.സി. നസീർ സ്വാഗതവും കെ.എം.സി.സി ട്രഷറർ പി. അബ്ദുൾ റസാഖ് മുക്കുന്ന് നന്ദിയും പറയും.



മുക്കോലയിൽ ഉദ്ഘാടനത്തിന് തയ്യാറായ കാരുണ്യഭവനം

ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

തളിപ്പറമ്പ: തൃച്ചംബരത്തെ ഇലത്താളംവയൽ റസിഡന്റ്സ് അസോസിയേഷൻ ബോധവൽക്കരണ ക്ലാസും ആദരായണം പരിപാടിയും സംഘടിപ്പിച്ചു. പ്രസിഡണ്ട് അഡ്വ. എം.കെ. വേണുഗോപാൽ അധ്യക്ഷം വഹിച്ചു. യോഗാചാര്യൻ വി. പ്രഭാകരൻ ഭക്ഷണവും ആരോഗ്യവും എന്ന വിഷയത്തെ കുറിച്ച് ക്ലാസെടുത്തു. യോഗ പ്രദർശനശേഷം യോഗാചാര്യൻ നാരായണന് രക്ഷാധികാരി കെ. മാധവൻ മാസ്റ്റർ ഉപഹാരം നൽകി. ഷഫീഖ്, ടി.വി. മോഹനൻ, സി.വി. മനോഹരൻ പ്രസംഗിച്ചു.

ചിത്രരചന മൽസരം നാളെ

പയ്യന്നൂർ: തായിനേരി മുച്ചിലോട്ട് ഭഗവതി ക്ഷേത്രം പെരുങ്കളിയാട്ടത്തിന്റെ ഭാഗമായി കണ്ണൂർ- കാസർക്കോട് ജില്ലാതല ചിത്രരചനാ മൽസരം സംഘടിപ്പിക്കുന്നു. നാളെ രാവിലെ പത്തിന് പയ്യന്നൂർ ഗവ. ബോയ്സ് ഹൈസ്കൂളിലാണ് മൽസരം ഹൈസ്കൂൾ, യു.പി (ജലഛായം), എൽ.പി (കളറിംഗ്) വിഭാഗങ്ങളിലാണ് മൽസരം. ഫോൺ: 9746703055, 9446540700.

അൽഫോൻസാ ജെറി കാരന്താനത്തിന് തലശേരിയിൽ നൽകിയ സ്വീകരണത്തിൽ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് ഫലകം സമ്മാനിക്കുന്നു

ക്വിസ് മൽസരത്തിൽ ജെറിക്ക് മിന്നും വിജയം

തളിപ്പറമ്പ: കെ.സി.ബി.സി ബൈബിൾ സൊസൈറ്റിയുടെ സംസ്ഥാനതല ലോഗോസ് ബൈബിൾ ക്വിസ്, സെലിൻമരിയ മെഗാക്വിസ്, മിഷൻ ക്വിസ് സംസ്ഥാനതലം എന്നിവയിൽ തളിപ്പറമ്പിലെ അൽഫോൻസാ ജെറി കാരന്താനം ഒന്നാംസ്ഥാനം കരസ്ഥമാക്കി. കണ്ണൂർ സെന്റ് മൈക്കിൾസ് ആംഗ്ലോ-ഇന്ത്യൻ ഹയർസെക്കണ്ടറി സ്കൂൾ അധ്യാപകൻ കാരന്താനം ജെറി തോമസ്- തളിപ്പറമ്പ ഫിസിയോക്യൂറിലെ ഡോ. സീമ എന്നിവരുടെ മകളാണ്. അൽഫോൻസ ജെറിക്ക് തലശേരിയിൽ നൽകിയ സ്വീകരണത്തിൽ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് ഫലം സമ്മാനിച്ചു.

ഗേറ്റ് തളിപ്പറമ്പ ദുബായിൽ നടത്തിയ ഫുട്ബോൾ ടൂർണ്ണമെന്റിൽ റണ്ണേഴ്സ് അപ്പായ ഫൈവേ സ്പോർട്ടിങ്ങിന് അകാസാ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ കെ.വി.ടി.അഷ്റഫ് ട്രോഫി സമ്മാനിക്കുന്നു

പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ഉദയഗിരി സെന്റ് മേരീസ് പള്ളി വികാരി ഫാ.കുര്യാക്കോസ് മുണ്ടപ്ലാക്കൽ ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റത്തിനും സഹപ്രവർത്തകരായ വൈദികർക്കുമൊപ്പം

വനിതകൾക്ക് സൗജന്യ പരിശീലനം

കണ്ണൂർ: കെ.എം.എം.എഫിന്റെ ആഭിമുഖ്യത്തിൽ അബാക്കസ്, സ്പീഡ് മാത്തമാറ്റിക്സ് എന്നിവയിൽ പരിശീലന പരിപാടികൾ ഏറ്റെടുത്ത് നടത്താൻ താൽപ്പര്യമുള്ള വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി വിദ്യാഭ്യാസം ഉള്ളവരായിരിക്കണം. കണ്ണൂർ, കാസർക്കോട്, വയനാട് ജില്ലകളിൽ ഉള്ളവർക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ളവർ 8547181000 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യണം.

ഫാ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ പൗരോഹിത്യ രജതജൂബിലി ആഘോഷിച്ചു

ആലക്കോട്: ഉദയഗിരി സെന്റ് മേരീസ് പള്ളി വികാരി ഫാ.കുര്യാക്കോസ് മുണ്ടപ്ലാക്കലിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ചു. കൊന്നക്കാട് സ്വദേശിയായ ഫാ.കുര്യാക്കോസ് 1992ലാണ് പൗരോഹിത്യം സ്വീകരിച്ചത്. രജത ജൂബിലി ആഘോഷങ്ങൾ ആർച്ച്ബിഷപ്പ് (എമിറേറ്റ്സ്) മാർ ജോർജ് വലിയമറ്റം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ ജോർജ് എളുക്കുന്നേൽ, ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ, ഫാ.ജോസഫ് തയ്യിൽ, ഫാ.ആന്റണി ആനക്കല്ലിൽ, ഫാ.ജോസഫ് കളരിക്കൽ, ഫാ.ജോസഫ് മഠത്തും മ്യാലിൽ, ഫാ.സോണി വടശേരിൽ, ഫാ.എമ്മാനുവൽ പുവത്തിങ്കൽ, ഫാ. ജോർജ് പഴേപറമ്പിൽ, ഫാ.കുര്യാക്കോസ് മുണ്ടപ്ലാക്കൽ പ്രസംഗിച്ചു. രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നടന്ന സമൂഹ ദിവ്യബലിയിൽ ഫാ.ജോർജ് വലിയമറ്റം മുഖ്യകാർമ്മികത്വം വഹിച്ചു. സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി വചന സന്ദേശം നൽകി.

പയ്യന്നൂർ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിൽ നടന്ന സാംസ്കാരിക സമ്മേളനം തളിപ്പറമ്പ് ഡി.വൈ.എസ്.പി കെ.വി. വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.

'ഒപ്പം' നാളെ

തളിപ്പറമ്പ: രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന തളിപ്പറമ്പ വിദ്യാഭ്യാസ ജില്ലാ ഇന്റർക്ലാസീവ് ഫെസ്റ്റ് 'ഒപ്പം' നാളെ രാവിലെ പത്ത് മണിക്ക് മൂത്തേടത്ത് ഹയർസെക്കണ്ടറി സ്കൂളിൽ നടക്കും. ജയിംസ് മാത്യു എം. എൽ.എ ഉദ്ഘാടനം ചെയ്യും. ഇ.ടി. രാജീവൻ അധ്യക്ഷനാകും. യു. ശാലീന ബോധവൽക്കരണ ക്ലാസിന് നേതൃത്വം നൽകും. ഹഫ്സത്ത്, ശാന്ത കാവുമ്പായി, കെ.ജെ. സെബാസ്റ്റ്യൻ, പി.വി. ബാലകൃഷ്ണൻ, എം.ജെ. മാത്യു സംസാരിക്കും. പി.വിജയലക്ഷ്മി സ്വാഗതവും സിന്ധു നന്ദിയും പറയും.

ചെന്നൈയിൽ നടന്ന ദേശീയ അട്യാ പട്യാ ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ നേടിയ കേരള ടീം അംഗമായ ആൽബർട്ട് ജോൺ (വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ) കാർത്തികപുരം എരുത്താമല സ്വദേശിയാണ്.

പി.എസ്.സി ഉദ്യോഗാർത്ഥികളുടെ കൂട്ടായ്മ നാളെ

കണ്ണൂർ: ഫൈസ്കൂൾ അസിസ്റ്റന്റ്, സോഷ്യൽ സയൻസ് (മലയാളം മീഡിയം) കണ്ണൂർ ജില്ലയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധപ്പെടുത്തിയ ചുരുക്കപ്പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ഒരു കൂട്ടായ്മ നാളെ രാവിലെ 10.30ന് കണ്ണൂർ കേരള എൻ.ജി.ഒ യൂണിയൻ ബിൽഡിംഗിലെ എ.കെ. ബാലൻ സ്മാരക ഹാളിൽ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9400031648.

കാർത്തിക മഹോത്സവവും വിളക്ക് സമർപ്പണവും നാളെ

തളിപ്പറമ്പ: പൂക്കോത്ത് കൊട്ടാരം ക്ഷേത്രത്തിലെ ഈവർഷത്തെ കാർത്തിക മഹോത്സവവും കാർത്തിക വിളക്ക് സമർപ്പണവും നാളെ ആഘോഷിക്കും. രാവിലെ എട്ട് മുതൽ ദേവീമാഹാത്മ്യ പാരായണം. 11.30ന് ദേവിസ്തോത്ര പാരായണം. തുടർന്ന് വിശേഷാൽ കാർത്തികപൂജ, തിടമ്പ് എഴുന്നള്ളത്ത്, കാർത്തിക വിളക്കും ഉണ്ടാകും.

വാണിയ സമുദായ സമിതി പ്രതിഷേധിച്ചു

തളിപ്പറമ്പ: വാണിയ സമുദായത്തിന്റെ കുലപരദേവതയും അന്നപൂർണ്ണേശ്വരിയുമായ മുച്ചിലോട്ട് ഭഗവതിയെ പരിഹാസ്യമായ രീതിയിൽ ചിത്രീകരിച്ച് സി.പി.എം മട്ടന്നൂർ, തലശേരി, പാപ്പിനിശേരി ഏരിയാ സമ്മേളനത്തിന് വേണ്ടി പ്രചരണത്തിന് ഉപയോഗിച്ച നടപടിയിൽ വാണിയ സമുദായ സമിതി തളിപ്പറമ്പ ഏരിയാ കമ്മിറ്റി പ്രതിഷേധിച്ചു. ക്ഷേത്ര മതിൽക്കെട്ടിനകത്ത് കെട്ടിയാടപ്പെടുന്ന തെയ്യക്കോലങ്ങൾ പൊതുനിരത്തിലും സമ്മേളന വേദിയിലും അപഹാസ്യമായ രീതിയിൽ അവതരിപ്പിക്കുന്ന സാംസ്കാരിക രാഷ്ട്രീയ സംഘടനകളുടെ പ്രവർത്തനം അവസാനിപ്പിക്കണമെന്നും കമ്മിറ്റി ആവശ്യപ്പെട്ടു. പി.വി. നാരായണൻ അധ്യക്ഷത വഹിച്ചു. പി. സുകുമാരൻ, കൃഷ്ണൻ മാസ്റ്റർ, രാഘവൻ മൂയിപ്ര സംസാരിച്ചു. ഹരീഷ്കുറുമാത്തൂർ സ്വാഗതവും രാജീവൻ വെള്ളാവ് നന്ദിയും പറഞ്ഞു.

പുലിക്കുരുമ്പ-പുറഞ്ഞാൽ റോഡ് കേന്ദ്ര നിലവാരത്തിൽ പുനരുദ്ധരിക്കും: കെ.സി.ജോസഫ്

ശ്രീകണ്ഠപുരം: ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാന്മല റോഡിന്റെ പ്രധാന ബൈപ്പാസ് റോഡായ പുലിക്കുരുമ്പ-പുറഞ്ഞാൽ 2.5 കിലോമീറ്റർ റോഡ് കേന്ദ്ര റോഡ് ഫണ്ടിൽ (സി.ആർ.എഫ്) ഉൾപ്പെടുത്തി പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് കെ.സി.ജോസഫ് എം.എൽ.എ അറിയിച്ചു. ഒടുവള്ളിത്തട്ട്-കുടിയാന്മല റോഡിന് 27.34 കോടി രൂപയ്ക്കാണ് ഭരണാനുമതി ലഭിച്ചത്. 22.30 കോടി രൂപക്കാണ് വർക്ക് ഓർഡർ നൽകിയത്. ഇതിൽ സേവിംഗ്സായുള്ള 4.94 കോടി രൂപ ഉപയോഗിച്ചാണ് റോഡ് പുനരുദ്ധാരണ പ്രവർത്തനം നടത്തുകയെന്ന് എം.എൽ.എ അറിയിച്ചു.

ഞാറുനടീൽ ഉത്സവം 4ന്

കണ്ണൂർ: അഗ്രികൾച്ചറൽ അസിസ്റ്റന്റ് അസോസിയേഷൻ കേരള ജില്ലാ കമ്മിറ്റിയുടെ ഞാറുനടീൽ ഉത്സവം നാലിന് ഉച്ചക്ക് രണ്ട് മണിക്ക് കുറ്റ്യാട്ടൂർ അമ്പായത്തൊടി വയലിൽ നടക്കും. മന്ത്രി കെ.കെ. ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്യും. ജെയിംസ്മാത്യു എം.എൽ.എ സംബന്ധിക്കും.

മാസാന്ത സ്വലാത്ത് മജ്‌ലിസ് നാളെ രയരോം മഖാമിൽ

ആലക്കോട്: ചരിത്ര പ്രസിദ്ധവും പുണ്യപുരാതനവുമായ രയരോം മഖാമിൽ നടന്നുവരുന്ന മാസാന്ത സ്വലാത്ത് മജ്‌ലിസും കൂട്ടുപ്രാർത്ഥനയും നാളെ രാത്രി ഏഴുമണിക്ക് നടക്കും. ഉസ്താദ് അലി ഫൈസി കൊണ്ടോട്ടി നേതൃത്വം നൽകും.

മുൻ മന്ത്രി ഇ.ചന്ദ്രശേഖരന്റെ നിര്യാണത്തിൽ അനുശോചിച്ച് തളിപ്പറമ്പിൽ നടന്ന സർവ്വകക്ഷി യോഗം സി.പി.ഐ സംസ്ഥാന കൗൺസിലംഗം സി.പി.സന്തോഷ് ഉദ്ഘാടനം ചെയ്യുന്നു

അനുശോചിച്ചു

തളിപ്പാമ്പ്: സി.പി.ഐ നേതാവും മുൻ മന്ത്രിയുമായ ഇ.ചന്ദ്രശേഖരൻ നായരുടെ നിര്യാണത്തിൽ സർവ്വകക്ഷിയോഗം അനുശോചിച്ചു. സി.പി.ഐ സംസ്ഥാന കൗൺസിലംഗം സി.പി.സന്തോഷ് ഉദ്ഘാടനം ചെയ്തു. വേലിക്കാത്ത് രാഘവൻ അധ്യക്ഷത വഹിച്ചു. സി.പി.ഐ മണ്ഡലം സെക്രട്ടറി വി.വി.കണ്ണൻ, സി.പി.എം ഏരിയാ സെക്രട്ടറി പി.മുകുന്ദൻ, ഡി.സി.സി.ജന. സെക്രട്ടറി ടി.ജനാർദ്ദനൻ, സമദ് കടമ്പേരി, പി.പി.മോഹനൻ, എം.കെ.മനോഹരൻ, പി.പി.ചന്ദ്രശേഖരൻ, സി.വത്സൻ, പി.പി.വിനോദ്കുമാർ പ്രസംഗിച്ചു.

ഷോട്ടോകാൻ ജില്ലാ കരാട്ടേ ചാമ്പ്യൻഷിപ്പ് നാളെ

തളിപ്പാമ്പ: ഷോട്ടോകാൻ കരാട്ടേ അസോസിയേഷൻ രണ്ടാമത് ജില്ലാ കരാട്ടേ ചാമ്പ്യൻഷിപ്പ് നാളെ നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നാളെ രാവിലെ ഒമ്പതിന് തളിപ്പാമ്പ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയത്തിൽ നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് ഉദ്ഘാടനം ചെയ്യും. മൽസരത്തിൽ പങ്കെടുക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ ഒരു ആൺകുട്ടിക്കും പെൺകുട്ടിക്കും മുണ്ടയാട് കോറോത്ത് കുഞ്ഞികൃഷ്ണൻ നമ്പ്യാർ, പാലക്കൽ രോഹിണിയമ്മ മെമ്മോറിയൽ ട്രോഫികൾ സമ്മാനിക്കും. വാർത്താ സമ്മേളനത്തിൽ ജില്ലാ സെക്രട്ടറി പി. ദിനേഷ്കുമാർ, പ്രസിഡണ്ട് കെ. സുരേന്ദ്രൻ, ജോയിന്റ് സെക്രട്ടറി സജി കരിക്കൻ, വി. വൈരമുത്തു എന്നിവർ പങ്കെടുത്തു.

ചരമവാർഷികം ആചരിച്ചു

കല്യാശേരി: കേരള സീനിയർ സിറ്റിസൺസ് ഫോറം സ്ഥാപകൻ അഡ്വ. എം.സി.വി. ഭട്ടതിരിപ്പാടിന്റെ ചരമ വാർഷികവും 90 വയസ് കഴിഞ്ഞ വയോജനങ്ങളെ ആദരിക്കലും നടന്നു. ഇന്നത്തെ ചില വയോജന പ്രശ്നങ്ങൾ എന്ന വിഷയത്തിൽ വി. ആർ. വി. ഏഴോം മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് സെക്രട്ടറി കെ. പി. പത്മനാഭൻ സ്വാഗതം പറഞ്ഞു. പ്രസിഡണ്ട് എം. രാഘവൻ അധ്യക്ഷത വഹിച്ചു. സി. ബാലകൃഷ്ണൻ മാസ്റ്റർ അനുസ്മരണ പ്രഭാഷണം നടത്തി. സി. എച്ച്. ഗോപാലൻ 90 വയസ് കഴിഞ്ഞ വയോജനങ്ങളെ സദസിന് പരിചയപ്പെടുത്തി. ജോയിന്റ് സെക്രട്ടറി എം. ഇ. നാരായണൻ നന്ദി രേഖപ്പെടുത്തി.

സംസ്ഥാന സ്കൂൾ പ്രവൃത്തി പരിചയമേളയിൽ എച്ച്.എസ്. എസ് മെറ്റൽ എൻഗ്രേവിംഗിൽ എ ഗ്രേഡ് നേടിയ എം.ഷാഹിൽ (സീതിസാഹിബ് എച്ച്.എസ്. എസ് തളിപ്പറമ്പ)

വീട് വാടകക്ക്

തളിപ്പറമ്പിൽ നിന്നും രണ്ട് കിലോമീറ്റർ ദൂരത്തിനുള്ളിൽ കുഷ്ഠത്ത് വീട് വാടകക്ക് കൊടുക്കാനുണ്ട്.

8073770967
8275699497

തളിപ്പറമ്പ ചെത്ത് തൊഴിലാളി സഹകരണ സംഘം
ക്ലിപ്തം നമ്പർ സി 1079
പി.ഒ. തളിപ്പറമ്പ. ഫോൺ: 0460 2202687

വാർഷിക പൊതുയോഗം

മാന്യരെ,

തളിപ്പറമ്പ ചെത്ത് തൊഴിലാളി സഹകരണ സംഘം **വാർഷിക പൊതുയോഗം 2017 ഡിസംബർ 17ന ഞായറാഴ്ച രാവിലെ 10 മണിക്ക് ഏഴാംമൈലിലുള്ള സംഘം ഓഫീസ് ഹാളിൽ** വെച്ച് താഴെ പറയുന്ന കാര്യപരിപാടി അനുസരിച്ച് ചേരുന്നതാണ്. പൊതുയോഗത്തിൽ മുഴുവൻ 'എ' ക്ലാസ് മെമ്പർമാരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഏഴാംമൈൽ,
30-11-2017.

ഭരണസമിതിക്കുവേണ്ടി
സെക്രട്ടറി (ഒപ്പ്)

കാര്യപരിപാടി

(1) സ്വാഗതം (2) അധ്യക്ഷൻ (3) 2016-17 വർഷത്തെ റിപ്പോർട്ട് (4) 2016-17 വർഷത്തെ വരവ് ചെലവ് കണക്ക് അംഗീകരിക്കൽ (5) 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ (6) 2016-17 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് (7) 2018-19 വർഷത്തെ കരട് ബഡ്ജറ്റ് (8) ബൈലോ ഭേദഗതികൾ (9) ചോദ്യങ്ങളും പ്രമേയങ്ങളും (10) അധ്യക്ഷന്റെ അനുമതിയോടെ വരവുന്ന മറ്റ് കാര്യങ്ങൾ (11) ഉപസംഹാരം.

ബൈലോ സംക്ഷിപ്ത വിവരണം: ആന്തൂർ മുനിസിപ്പാലിറ്റിയെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തൽ, 'എ' ക്ലാസ് കുടുംബാംഗങ്ങളിലേക്ക് അംഗത്വം വ്യാപിപ്പിക്കൽ, വായ്പകളുടെ പരിധി പത്ത് ലക്ഷം രൂപയാക്കൽ- വിപുലപ്പെടുത്തൽ- കാലാവധി വർദ്ധിപ്പിക്കൽ, മൂച്ചുൽ ഡെപ്പോസിറ്റ് സ്കീം ഉൾപ്പെടുത്തുക, പാരാ മെഡിക്കൽ പരിശോധനാ കേന്ദ്രം ആരംഭിക്കൽ, ജനസേവന കേന്ദ്രം ആരംഭിക്കൽ.

കുറിപ്പ്: ചോദ്യങ്ങളും പ്രമേയങ്ങളും 14-12-2017ന് വൈകുന്നേരം 5 മണിക്ക് മുമ്പായി സംഘം ഓഫീസിൽ ലഭിച്ചിരിക്കണം. കാര്യപരിപാടിയുടെ വിശദ വിവരങ്ങൾ സംഘം ഓഫീസ്, തളിപ്പറമ്പ സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ്, സഹകരണ അസിസ്റ്റന്റ് ഡയറക്ടർ ഓഡിറ്റ് ഓഫീസ്, കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ തളിപ്പറമ്പ ശാഖ, തളിപ്പറമ്പ മുനിസിപ്പൽ ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്.

നാളെ വിവാഹിതരാകുന്നു
(03-12-2017)

ഫൈസൽ.എ
(ജനറൽ സെക്രട്ടറി, മുസ്ലിംലീഗ് കുണ്ടാംകുഴി ശാഖ)
S/o. കുഞ്ഞഹമ്മദ്. പി.എം
സുബൈദ മൻസിൽ
എ.ബി.സി. റോഡ്
സുന്നി നഗർ, തളിപ്പറമ്പ

സ്വാബിറ.എൻ.കെ
D/o. അബ്ദുൾസലാം.പി.എം
ആയിഷ മൻസിൽ
Nr. സർസയ്യിദ് കോളേജ്
തളിപ്പറമ്പ

ആശംസകളോടെ:.....
എം.എസ്.എഫ് മുസ്ലിംയൂത്ത് ലീഗ്,
കുണ്ടാംകുഴി മുസ്ലിംലീഗ് ശാഖ